I/70902/2024

ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ: കെ. ജനാർദ്ദനൻ)

തിരുവനന്തപുരം

നമ്പർ. PTGD/180/2024-ഇ 8 തീയതി. 02. 03. 2024

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - റീഡിംഗ് വിഭാഗം - റീഡിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാർ ഉത്തരവ് (അച്ചടി) നം. 19/2016/ഉ.വി.വ, തീയതി 30/09/ 2016.
2. കേരള സർക്കാരിന്റെ 30/09/2016 ലെ 1695 -ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള സ്പെഷ്യൽ റൂൾ ഫോർ കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസസ്സ്.
3. സർക്കാർ ഉത്തരവ് (അച്ചടി) നം. 3/2017/ഉ.ഭ.പ.വ, തീയതി 25/02/2017.
4. അച്ചടി വകുപ്പ് ഡയറക്ടറുടെ 01. 06. 2023 ലെ PTGD/280/2022-ഇ 8 നമ്പർ ഉത്തരവ്.
5. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 25. 11. 2023 ലെ 2173/2022/ജിസിപി ഇ 1 നമ്പർ കത്ത്.
6. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 14. 12. 2023 ലെ 2173/2022/ജിസിപി ഇ 1 നമ്പർ കത്ത്.
7. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ 12. 01. 2024 ലെ 334/2024/ജിസിപി ഇ 1 നമ്പർ കത്ത്.
8. അച്ചടി വകുപ്പ് ഡയറക്ടറുടെ 19. 01. 2024 ലെ PTGD/2985/2023- സ്പെഷ്യൽ സെൽ നമ്പർ ഉത്തരവ്.
9. എറണാകുളം ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 07. 02. 2024 ലെ 705/2024/ഇ 1 നമ്പർ കത്ത്.
10. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീ. കെ. പി. സുനിൽ പ്രസാദ് സമർപ്പിച്ച 23. 02. 2024 ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിലെ ഷൊർണ്ണൂർ ഗവ.പ്രസ്സിലെ ഒന്നാം ഗ്രേഡ് റീഡർ ശ്രീമതി. പി. ഗീതാ കുമാരി 29. 02. 2024 ൽ സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി വിരമിച്ചതിനെ

തുടർന്ന് ഒന്നാം ഗ്രേഡ് റീഡർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് മൂലം രണ്ടാം ഗ്രേഡ് റീഡർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുന്നതാണ്.

പ്രസ്തുത ഒഴിവുകളിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള സർക്കാരിന്റെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചും പരാമർശത്തിലെ ജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച്, ഒഴിവുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് അച്ചടി വകുപ്പിലെ റീഡിംഗ് വിഭാഗത്തിൽ താഴെ പറയുന്ന പ്രകാരമുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | ശ്രീമതി. പി. എസ്. ജോളി, ഒന്നാം ഗ്രേഡ് റീഡർ, (41300 – 87000) ഗവ.സെൻട്രൽ പ്രസ്സ് തിരുവനന്തപുരം | സ്ഥലംമാറ്റം ഒന്നാം ഗ്രേഡ് റീഡർ, (41300 – 87000) ഗവ.പ്രസ്സ്, ഷൊർണ്ണൂർ | ശ്രീമതി. പി. ഗീതാ കുമാരി 29. 02. 2024 ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ | അപേക്ഷ പ്രാകം (25.02.2017 ലെ സ.ഉ (അച്ചടി) നം. 3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 (xi) പ്രകാരം) (വിരമിക്കൽ ആനുകൂല്യം) |
| 2. | ശ്രീ. കെ. രാമകൃഷ്ണൻ, രണ്ടാം ഗ്രേഡ് റീഡർ, (39300 – 83000) ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | സ്ഥാനക്കയറ്റം ഒന്നാം ഗ്രേഡ് റീഡർ (41300 – 87000) ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | ശ്രീമതി. പി. എസ്. ജോളിയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ | ഭരണപരമായ സൗകര്യാർത്ഥം |

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതാണ്. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത

ഉണ്ടായിരിക്കുന്നതാണ്. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം സംബന്ധിച്ച് ആക്ഷേപമുള്ളപക്ഷം പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 7 (ii) പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫിസർ/
ഓഫീസ് മാനേജർ/സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് ഇ II/
എച്ച്.സി, ജിസിപി ഇ/ജിസിപി ഇ 1/എ 9 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്